പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1583 11.02.2013- ലെ മറുപടി

**വിദേശരാജ്യങ്ങളിൽ ജയിൽശിക്ഷ അനുഭവിക്കുന്നവർക്ക് മോചനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ് *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ പിടിക്കപ്പെട്ട് ജയിൽശിക്ഷ അനുഭവിച്ചുവരുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ; | (എ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി) പ്രസ്തുത തടവുകാരെ മോചിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെമോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സർക്കാരിന്റെ ഇടപെടലുകൾ കൊണ്ടു മാത്രം ധാരാളം കേരളീയരെ ജയിൽ മോചിതരാക്കാൻ കഴിയും എന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമോ ? | (സി) 1996 – ലാണ് നോർക്ക വകുപ്പ് സർക്കാരിൽ നിലവിൽ വരുന്നത് നിയമപ്രകാരം വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായും കേന്ദ്ര മന്ത്രാലയങ്ങളുമായും നേരിട്ട് ഇടപെടുന്നതിനും സംസ്ഥാന സർക്കാരിന് മാത്രമേ അധികാരമുള്ളൂ. കൂടാതെ വിദേശ രാജ്യങ്ങളിൽ പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ഈ വകുപ്പിന്റെ ചുമതലകളിൽപ്പെട്ടതാണ്. ഈ അധികാരം വിനിയോഗിച്ച് നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ